**വരയ്ക്കാം, പാടിക്കേൾപ്പിക്കാം, വാർത്തപറയാം, കവിതയെഴുതാം, കഥയെഴുതാം, ലേഖനം, പ്രസംഗം, കാർട്ടൂൺ, പഠനം, വീഡിയോ, ഡോക്യുമെന്ററി, പരസ്യം അങ്ങനെ എന്തുമാവട്ടെ പ്രത്യേകിച്ച് ഒരു ചെലവുമില്ലാതെ, ഇന്റർനെറ്റിലൂടെ അവിടുന്നു കിട്ടുന്ന വെബ്പേജിലൂടെ ഏതുഭാഷയിലും പ്രസിദ്ധീകരിക്കുന്ന രീതിയാണ് ബ്ലോഗിംങ്ങ്. ഇതാ കൂടുതലറിഞ്ഞോളൂ.**



## വരൂ നമുക്കും



# ഒരു ബ്ലോഗറാവാം

**ഹേന ചന്ദ്രൻ**

സിംന എന്ന കൂട്ടുകാരി ബ്ലോഗ് എങ്ങനെ തുടങ്ങാം എന്നു ചോദിച്ചുവല്ലോ. യുറീക്ക 2010 ആഗസ്ത് 16 ഇതാ തുടങ്ങുന്നേ, ബ്ലോഗ്. എങ്ങനെ തുടങ്ങണം അല്ലേ? അതിനുമുമ്പ് എന്താ ബ്ലോഗ് എന്ന് അറിയാത്ത കൂട്ടുകാർക്കുവേണ്ടി ചെറുതായൊന്ന് പറഞ്ഞാലോ?



'അവനവൻ പ്രസാധകൻ' എന്ന് ചിലരൊക്കെ ബ്ലോഗിനെ വിളിക്കും. അതായത് നമ്മൾ എഴുതുന്നത് നമ്മൾ തന്നെ പ്രസിദ്ധീകരിക്കുന്നു. അതുപക്ഷേ, പുസ്തകരൂപത്തിലല്ല എന്ന് മാത്രം. ഇന്റർനെറ്റിലാണ് നമ്മുടെ എഴുത്ത് വെളിച്ചം കാണുന്നത്.. എഡിറ്റർ ചവറ്റുകുട്ടയിൽ ഇടുമെന്ന പേടിവേണ്ട, തിരിച്ചയച്ച് നാണം കെടുത്തുമെന്ന് ഓർത്ത് അയക്കാതിരിക്കണ്ട. എന്തൊരു സ്വാതന്ത്ര്യം!! പിന്നെ വേറൊരു കാര്യം, നമ്മളിപ്പോ സാധാരണ കാണാറുള്ളത് കവിതാസമാഹാരം, കഥാസമാഹാരം, ലേഖനസമാഹാരം ഇങ്ങനെയല്ലേ? അതായത്, ഒരു പുസ്തകത്തിൽ ഒരു ടൈപ്പ് എഴുത്ത്... കഥയെങ്കിൽ കഥ, കവിതയെങ്കിൽ കവിത... പക്ഷേ, ബ്ലോഗ് എന്തും എഴുതാം... ഇന്ന് കഥ എഴുതി. നാളെ നോവൽ എഴുതണം എന്ന് തോന്നും. എഴുതാം. ഇനിയിപ്പോ 'യുറീക്ക'യിലെ നല്ല ഒരു ലേഖനത്തെ മറ്റുള്ളോർക്ക് പരിചയപ്പെടുത്തണം എന്ന് തോന്നിയോ? അതും ആവാം... അങ്ങനെ എഴുതിക്കഴിഞ്ഞാലോ? അവിടെയാണ് ബ്ലോഗിന്റെ മറ്റൊരു ഗുണം. നമ്മൾ എഴുതിയത് വായിക്കുന്നവർക്ക് അവരുടെ അഭിപ്രായം നമ്മളോട് അവിടെത്തന്നെ അറിയിക്കാം. അതിനോട് നമുക്കോ വായിക്കുന്ന മറ്റുള്ളവർക്കോ പ്രതികരിക്കാം. അങ്ങനെ ഒരു തുറന്ന ചർച്ചാവേദി തന്നെ ആയി ഇത് മാറാം. ഒന്നാലോചിച്ചുനോക്കൂ, രസമല്ലേ, നമ്മൾ എഴുതുന്നത് ലോകത്തിന്റെ ഏതൊക്കെയോ മൂലയിലിരിക്കുന്ന ആരൊക്കെയോ വായിക്കുന്നു, അഭിപ്രായം പറയുന്നു.... അവരുടെ അറിവുകൾ പകർന്നു തരുന്നു....

ഇങ്ങനെ ബ്ലോഗിനെക്കുറിച്ച് പറയാനാണെങ്കിൽ കുറെയുണ്ട്. തൽക്കാലം അതൊക്കെ അവിടെവച്ച് എങ്ങനെ ബ്ലോഗ് തുടങ്ങാം എന്ന് പറയാം.

ഇന്റർനെറ്റിലാണ് എഴുത്ത് എന്നു പറഞ്ഞപ്പോ ഒരു കാര്യം ഉറപ്പല്ലേ? കമ്പ്യൂട്ടറും നെറ്റ് കണക്ഷനും വേണം. അതിപ്പോ വീട്ടിൽ ഇല്ലെ




ന്നു കരുതി എന്തിനാ സങ്കട പ്പെടുന്നേ? സ്കൂളിൽ ഉണ്ടാ യാലും പോരേ? അവിടെ ടീച്ചർ ഗമ കാണിക്കുന്നോ? ശ്ശോ.. ഒന്നൂടെ പറഞ്ഞുനോ ക്കൂ. രക്ഷയില്ലേ..? എന്നാ പിന്നെ നാട്ടിൽ കൂണുപോലെ മുളച്ചുവന്ന ഇന്റർനെറ്റ് കഫേ തന്നെ ശരണം. കൊച്ചു കൂട്ടു കാർ ഒറ്റയ്ക്കു പോണ്ടാട്ടോ.... മുതിർന്ന ചേച്ചിയേയോ ചേട്ട നേയോ അച്ഛനമ്മമാരെയോ മറ്റോ കൂട്ടീട്ട് പോണേ...

അപ്പോ നെറ്റ് കണക്റ്റു ചെയ്തു. ന്നട്ട്, നമുക്ക് ഒരു ഗൂഗിൾ അക്കൗണ്ട് ഉണ്ടാക്കാം. എന്നുവച്ചാൽ നെറ്റുലകത്തിൽ നമ്മുടെ വിലാ സം... ഇ-മെയിൽ വിലാസം. നമ്മൾ തീരുമാനി ക്കുന്ന ഒരു പേരും (യൂസർനെയിം) നമ്മുടെ അക്കൗണ്ട് സുരക്ഷിതമാക്കാനുള്ള താക്കോൽ വാക്കും (പാസ് വേഡ്) ഉപയോഗിച്ചാണ് നമ്മൾ ജി-മെയിലിൽ കയറുക.

ഒരു നിമിഷം... ബ്ലോഗുണ്ടാക്കാൻ എന്നും പറഞ്ഞ് നമ്മൾ എന്തിനാ ഇ-മെയിൽ വിലാസം ഉണ്ടാക്കുന്നേന്ന് ആർക്കെങ്കിലും സംശയം തോന്നിയോ? തോന്നണം. അതെന്തിനാന്നു വച്ചാൽ ബ്ലോഗുണ്ടാക്കണമെങ്കിൽ ആദ്യം തന്നെ ഒരു ഇ-മെയിൽ വിലാസം വേണം. ഇവിടെ നമ്മൾ ബ്ലോഗർ ഡോട്ട് കോം വഴി ബ്ലോഗ് ഉണ്ടാ ക്കുന്നതിനെപ്പറ്റിയാണ് പറയാൻ പോകുന്നേ. ബ്ലോഗറിലേക്ക് ജിമെയിൽ അക്കൗണ്ട് വഴി കേറാം. ഇ-മെയിൽ ഐഡി ഉണ്ടാക്കുന്നതെങ്ങ നെയെന്ന് ചേച്ചിമാരോടോ മറ്റോ ചോദിക്കൂലോ ല്ലേ? (ഇല്ലെങ്കിൽ അടുത്തലക്കം യുറീക്കവരെ കാത്തിരിക്കൂ...) അപ്പോ ജിമെയിലായി. ഇനി ബ്ലോഗുണ്ടാക്കാം.




അഡ്രസ് ബാറിൽ www.blogger.com എന്ന് ടൈപ്പ് ചെയ്യുക. (ടൈപ്പുക, ക്ലിക്കുക എന്നൊ ക്കെയാണ് ബ്ലോഗ് ഭാഷ. ഇനി അങ്ങനെ പറയാം ല്ലേ? നമ്മൾ ബ്ലോഗർമാരും ബ്ലോഗിണികളും ആകാൻ പോവല്ലേ?) അപ്പോ www.blogger.com ടൈപ്പുമ്പോ ഇബ്ലോഗർ എന്ന പേജ് വന്നാൽ ഓക്കെ. അല്ലെങ്കിൽ ബ്ലോഗ റിന്റെ സൈറ്റ് കണ്ടുപിടിക്കുക. അതിന് ഗൂഗി ളിൽ അന്വേഷി (സേർച്ച്)ച്ചാൽ മതി. Blogger: Create your free blog എന്ന സൈറ്റാണ് നമു ക്കാവശ്യം. അത് ക്ലിക്കുമ്പോൾ വരുന്ന പേജിലെ യൂസർനെയിമും പാസ് വേർഡും അടിക്കാ നുള്ള കള്ളികളിൽ അത് ടൈപ്പ് ചെയ്ത് എന്റർ അടിക്കുക. (ഇതു രണ്ടും നമ്മൾ നേരത്തെ ഉണ്ടാക്കിവച്ചിട്ടുണ്ടല്ലോ) അപ്പോ വരുന്ന പേജ് നമുക്ക് ബ്ലോഗ് ഉണ്ടാക്കാനുള്ളതാണ്. ഒന്ന് എന്ന പേജിൽ നമ്മുടെ പേര് കാണാം. അതിനടിയിൽ ഡിസ്പ്ലേ നെയിം എന്ന് കാണാം. അവിടെ നമുക്ക് ഏത്പേരിലാണോ ബ്ലോഗേണ്ടത് ആ പേര് ടൈപ്പുക. ഉദാഹരണത്തിന് എന്റെ പേര് ഹേന എന്നാണ്. പക്ഷേ ഞാൻ ബ്ലോഗിൽ 'മൈലാഞ്ചി' എന്ന പേരിലാണ് എഴുതുന്നത്. പേര് മാറ്റണം എന്ന് നിർബന്ധമില്ലട്ടോ. പക്ഷേ നമുക്ക് വേണമെങ്കിൽ സ്വന്തം പേര് വെളിപ്പെടു ത്താതെ എഴുതാം എന്നതിനാലാണ് അങ്ങനെ ഒരു ഓപ്ഷൻ. എന്തുപേരും സ്വീകരിക്കാം. ശരി യായ പേരിടുന്നവർ പലരുമുണ്ട്. പക്ഷേ, കൂടു തൽ പേരും വേറെ എന്തെങ്കിലുമൊക്കെയാണ് ഇടുക. ചില പേരുകളൊക്കെ കേട്ടാൽ ചിരിവ രും. തോന്ന്യാസി, നട്ടപ്പിരാന്തൻ, കുരുത്തംകെട്ട വൻ, ദുശ്ശാസനൻ, വായാടി എന്നിങ്ങനെ. പിന്നെ വിശാലമനസ്കൻ, കൊച്ചുത്രേസ്യ, പൊങ്ങുമ്മൂ ടൻ, എച്ചുമുക്കുട്ടി എന്നിങ്ങനെയും.... അപ്പോ എന്തുപേരിട്ടാലും കൊഴപ്പല്യാന്ന് സാരം. അവിടെ പേര് മലയാളത്തിലും ടൈപ്പാം. ട്ടോ. കമ്പ്യൂട്ടറിൽ മലയാളം ഉണ്ടാവണമെന്നു മാത്രം. (പേടിക്കണ്ട എളുപ്പാണ് ട്ടോ. അതു പിന്നെയാട്ടെ ല്ലേ?)

അത്രേം ചെയ്ത് കഴിഞ്ഞാ പിന്നെ കണ്ടിന്യൂ

എന്ന ഓറഞ്ച് കള്ളിയിൽ ക്ലിക്കുക. രണ്ടാം പേജി ലെത്തിയല്ലോ. അവിടെ നമ്മുടെ ബ്ലോഗിന്റെ പേരും അഡ്രസും ആണ് കൊടുക്കേണ്ടത്. ബ്ലോഗിന്റെ പേര് നിങ്ങൾക്കിഷ്ടമുള്ളത് തിര ഞ്ഞെടുക്കുക. ചിലർ ചില പ്രത്യേക കാര്യം മാത്രമാവും എഴുതുന്നേ. അവർ അപ്പോ അതി നു പറ്റിയ പേരിടും. ഉദാഹരണത്തിന് നേരത്തേ പറഞ്ഞ വിശാലമനസ്കൻ (ആള് ബ്ലോഗ് ലോകത്തെ പുലിയാട്ടോ) അദ്ദേഹത്തിന്റെ നാട്ടിലെ വിശേഷങ്ങളാണ് പങ്കുവയ്ക്കുന്നത്. കൊടകര സ്വദേശിയാണ് സജീവ് എടത്താടൻ എന്ന വിശാലമനസ്കൻ. ബ്ലോഗ് 'കൊടകരപുരാ ണം'. (ഇത് പുസ്തകമായി ഇറങ്ങീട്ടുണ്ട്.) കൊച്ചു ത്രേസ്യ എന്ന ബ്ലോഗർ (ശരിപ്പേര് വേറെന്തോ ആണ്) താൻ ഇടപെട്ട ലോകത്തെക്കുറിച്ചാണ് പറ യുന്നത്. ബ്ലോഗ് 'കൊച്ചുത്രേസ്യയുടെ ലോകം'. ഇങ്ങനെ ഇഷ്ടമുള്ള പേരിടുക. ഇതും മലയാള ത്തിൽ ടൈപ്പാവുന്നതാണ്. അതിനടിയിൽ ബ്ലോഗ് അഡ്രസ് കൊടുക്കണം. ഇത് ഇംഗ്ലീഷിൽ വേണം. അതിനുതാഴെ ആ അഡ്രസ് അവെയ്‌ല ബിൾ ആണോ എന്നു നോക്കാനുള്ള ഓപ്ഷ നിൽ ക്ലിക്കി ഉറപ്പുവരുത്തുക. ആവശ്യമെങ്കിൽ ചെറിയ തിരുത്തലുകൾ വരുത്തുക. ഈ അഡ്രസ് എവിടെയെങ്കിലും കൃത്യമായി എഴുതി സൂക്ഷിച്ചോളൂ. http:// മുതൽ .com വരെയുള്ള ത്. ഇതാണ് നമ്മുടെ അഡ്രസ്. ഇത് നേരിട്ട് സെർച്ച് ബാറിൽ അടിച്ചാൽ നമ്മുടെ ബ്ലോഗ് കാണാം. കാണാനേ പറ്റൂ. കൂട്ടുകാർക്കോ ടീച്ചർമാർക്കോ പറഞ്ഞുകൊടുക്കാൻ ഇത് വേണം. അതാ മറക്കാതെ എഴുതിവയ്ക്കണം എന്നു പറഞ്ഞേ...

വീണ്ടും ഓറഞ്ച് കണ്ടിന്യൂ..

മൂന്നാം പേജിൽ ടെംപ്ലേറ്റ് തെരഞ്ഞെടുക്കാ നുള്ള അവസരമാണ്. അതായത് നമ്മുടെ ബ്ലോഗിന്റെ ഡിസൈൻ.. കുറേ ഓപ്ഷൻസ് ഉള്ള തിൽ ഇഷ്ടമായത് ഒന്നു തിരഞ്ഞെടുക്കുക. പിന്നെ മാറ്റാൻ പറ്റും. ട്ടോ. വീട് പെയിന്റടിക്കുന്ന പോലെ മടുക്കുമ്പോ വേറെ പെയിന്റ് അടിക്കാം.

അതും കഴിഞ്ഞ് വീണ്ടും കണ്ടിന്യൂ ചെയ്താ ൽ.. ഹാ.. ദാ അറിയിക്കുന്നു സന്തോഷവാർത്ത.



യുവർ ബ്ലോഗ് ഹാസ് ബീൻ ക്രിയേറ്റഡ്... നിങ്ങ ളുടെ ബ്ലോഗ് ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു എന്ന്. അവിടെ സ്റ്റാർട് ബ്ലോഗിങ്ങ് എന്ന ഓറഞ്ച് കള്ളി യിൽ ക്ലിക്കിയാൽ നമ്മുടെ ബ്ലോഗിൽ എത്തി. മിക്കവാറും പുതിയ പോസ്റ്റ് എഴുതാനുള്ള പേജി ലാവും എത്തുക. (ഹോ! ഇതും പറയാൻ മറന്നു. ബ്ലോഗിൽ എഴുതുന്ന ഓരോന്നും ഓരോ പോസ്റ്റ് എന്നാണ് പറയുക...) ആ പേജിൽ ടൈറ്റിൽ എന്നു കാണുന്ന കള്ളിയിൽ പോസ്റ്റിന്റെ തല ക്കെട്ട് ഇടുക. അടിയിലെ വലിയ കള്ളിയിൽ എഴുതാനുള്ളത് എന്താന്ന് വച്ചാ അങ്ങോട്ട എഴു തുക. ന്നട്ട്, പബ്ലിഷ് പോസ്റ്റ് എന്നതിൽ ക്ലിക്കി യാൽ (വീണ്ടും ഓറഞ്ച് നിറം...!) നമ്മുടെ പോസ്റ്റ് മാലോകർക്കായി... സോറി... ബൂലോകർക്കായി തുറന്നുകൊടുത്തു. (ബ്ലോഗ് ഉലകം ആണ് ബൂലോകം ആയി മാറിയത് ട്ടോ..) എല്ലാരും വായിക്കട്ടെ. കമന്റട്ടെ... അല്ല, ഇനീപ്പോ നമുക്ക് മുഴോൻ എഴുതാൻ സമയമില്ലാന്ന് വക്കൂ. അപ്പോ എന്തുചെയ്യും? ഒരു കൊഴപ്പോല്യ. പബ്ലിഷ് പോസ്റ്റ് എന്നതിനു പകരം അതിന്റെ തൊട്ടടുത്ത് ഇരിക്കുന്ന സേവ് നൗ എന്ന നീലക്കള്ളിയെ ക്ലിക്കിക്കോളൂ. (ഭാഗ്യം.. ഇതെങ്കിലും ഓറഞ്ചല്ല..!) നമ്മൾ എഴുതീത് സേവ് ആയിക്കിടന്നോളും. സമയം കിട്ടുമ്പോ എഡിറ്റ് പോസ്റ്റ് എന്നതിൽ ചെന്ന് എടുത്ത് ബാക്കി എഴുതാം.

പബ്ലിഷ് ചെയ്ത പോസ്റ്റിൽ എന്തെങ്കിലും തെറ്റുവന്നു എന്ന് തോന്നിയാലോ? അതല്ലെങ്കിൽ കൂടുതൽ എന്തെങ്കിലും ചേർക്കണം എന്ന് തോന്നിയാലോ? അതിനും കൊഴപ്പല്യ. നേരത്തേ പറഞ്ഞ സൂത്രം തന്നെ. എഡിറ്റ് പോസ്റ്റ്....






നമ്മുടെ പോസ്റ്റ് മറ്റുള്ളോർ കണ്ടാ മാത്രം പോരല്ലോ... നമുക്ക് അവരുടേം കാണണ്ടേ? അതിനു സഹായിക്കുന്നതാണ് അഗ്രിഗേറ്റർ. സൈബർജാലകം, തനിമലയാളം, ചിന്ത എന്നിങ്ങനെ പല അഗ്രിഗേ റ്ററും ഉണ്ട്. ഏതെങ്കിലും ഒന്നിൽ

# മലയാളത്തിൽ ബ്ലോഗം



*മലയാളത്തിലെ ബ്ലോഗുകളിലൊന്ന്*

(ബ്ലോഗിൽ മലയാളം ചേർക്കുന്നതെങ്ങനെ എന്നുകൂടി കുഞ്ഞിതായി പറയാം. മൈക്രോ സോഫ്റ്റ് വിൻഡോസ് എക്സ്പി ആണ് ഉപയോഗിക്കുന്നതെങ്കിൽ ആദ്യമായി അഞ്ജലി ഓൾഡ്‌ലിപി എന്ന ഫോണ്ട് ഡൗൺലോഡ് ചെയ്ത് കണ്ട്രോൾ പാനലിൽ ഫോണ്ട്സ് എന്ന ഫോൾഡറിൽ പേസ്റ്റ് ചെയ്യണം. ഇപ്പോ നിങ്ങളുടെ കമ്പ്യൂട്ടർ മലയാളം ഉപയോഗിക്കാൻ റെഡിയായി. ഇനി ടൈപ്പ് ചെയ്യാനുള്ള ഒരു സോഫ്റ്റുവെയർ വേണം. അതിന് വരമൊഴി, കീമാൻ, ജിസ്റ്റ് തുടങ്ങി കുറേയെണ്ണം കിട്ടാനുണ്ട്. സോഫ്റ്റുവെയറില്ലാതെ ഓൺലൈനായും ചെയ്യാം. അതായിരിക്കും നമുക്ക് എളുപ്പം. ഫയർഫോക്സ് ബ്രൗസറിന്റെ അഡ്രസ് ബാറിൽ http://www.google.com/transliterate/malayalam എന്നോ http://olam.in/Transliterate/ എന്നോ ടൈപ്പ് ചെയ്താൽ കിട്ടുന്ന പേജിലെ ടൈപ്പ് ചെയ്യാനുള്ള കള്ളിയിൽ വെറുതെ ടൈപ്പ് ചെയ്താൽ മതി. അവസാനം സ്പേസ് അടിക്കുമ്പോ ടൈപ്പ് ചെയ്തത് മലയാളമായി മാറും. ഉദാഹരണത്തിന്, സിംനക്കുട്ടി എന്നു ടൈപ്പ് ചെയ്യണമെങ്കിൽ simnakkutty എന്നു ടൈപ്പ് ചെയ്ത് സ്പേസ് അടിച്ചാൽ മതി. ഇനി നമുക്കാവശ്യമുള്ളപോലെ മലയാളം വരുന്നില്ലെങ്കിൽ ഒരു ബാക് സ്പേസ് അടിക്കുക. കുറേ കോമ്പിനേഷൻസ് വരും. അതിൽ നാം ഉദ്ദേശിക്കുന്നത് തിരഞ്ഞെടുക്കുക. അങ്ങനെ നമുക്കാവശ്യമുള്ളതുമുഴുവൻ ടൈപ്പ് ചെയ്തുകഴിഞ്ഞാൽ മൊത്തം കോപ്പിചെയ്ത് ബ്ലോഗറിൽ പോയി പേസ്റ്റ് ചെയ്താൽ മതി. മലയാളം റെഡി. ലിനക്സിൽ ആണെങ്കിൽ മലയാളം കിട്ടുന്നതിന് വേറെ പ്രത്യേക സോഫ്റ്റുവെയറുകളൊന്നും ആവശ്യമില്ല. മലയാളം ലാംഗ്വേജിനു വേണ്ട ഒരു കീബോർഡ് ടൈപ്പ് ചേർത്താൽ മാത്രം മതി. ഉബുണ്ടു(Ubuntu)വാണെങ്കിൽ സിസ്റ്റം- പ്രിഫറൻസസ്-കീബോർഡ്-ലേഔട്ട്സ്-ആഡ്. എന്നിട്ട് രാജ്യം ഇന്ത്യ സെലക്റ്റ് ചെയ്യുക. വേരിയന്റ്സ് ഇൻഡ്യ മലയാളം. എന്നിട്ട് ലേഔട്ട് ഓപ്ഷൻസിൽ ക്ലിക് ചെയ്യുക. കീ റ്റു ചേഞ്ച് ലേഔട്ട് എന്നുകാണുന്നതിനടുത്തുള്ള ചെറിയ ത്രികോണത്തിൽ ക്ലിക്കിയാൽ കുറേ ഓപ്ഷൻസ് വരും. അതിൽ അൾട്ട്+ക്യാപ്സ് ലോക് തെരഞ്ഞെടുക്കുക. ഇനി എല്ലാ വിൻഡോകളും ക്ലോസ് ചെയ്ത് ബ്ലോഗറിൽ പോയി ടൈപ് ചെയ്യാൻനേരം അൾട്ട് + ക്യാപ്സ് ലോക് അടിച്ചാൽ മാത്രം മതി. മലയാളം ഇതാ റെഡി.)

എന്നാപ്പിന്നെ പറഞ്ഞപോലെ...

---

പോയാൽ പുതിയ പോസ്റ്റുകളുടെ ലിസ്റ്റ് കിട്ടും. അതിൽ താല്പര്യം തോന്നുന്നതിൽ ക്ലിക്കിയാൽ അത് തുറന്നുവരും. വായിക്കുക, കമന്റാൻ തോന്നിയാൽ കമന്റുക.

എല്ലാം കഴിഞ്ഞാൽ വലത്തേ മൂലയിലെ സൈൻ ഔട്ട് ചെയ്യാതിരുന്നാൽ താക്കോൽ മറ്റുള്ളോർക്ക് കിട്ടും. അപ്പോ നമ്മൾ ആദ്യത്തെ പോസ്ററ് ഇട്ട് കഴിഞ്ഞ് സൈൻ ഔട്ട് ചെയ്തു പോന്നു. പിന്നീട് അടുത്ത പോസ്റ്റിന് എന്തുചെയ്യണം എന്ന് ഏകദേശം പിടികിട്ടിക്കാണുലോ. ബ്ലോഗറിൽ കേറുക, യൂസർനെയിം, പാസ് വേർഡ് അടിക്കുക. (ജിമെയിൽ ആയാലും ബ്ലോഗറിൽ ആയാലും പേരുമാത്രം അടിച്ചാൽ മതീട്ടോ..കൂടെയുള്ള വാല് ജിമെയിൽ ഡോട്ട് കോം അടിക്കണ്ട. പക്ഷേ അത് മറക്കുകയും അരുത്. ആർക്കെങ്കിലും മെയിൽ ഐഡി പറഞ്ഞുകൊടുക്കുമ്പോ അതുമുഴോനും പറയണം..) അപ്പോ യൂസർനെയിം പാസ് വേർഡ് അടിച്ച് എന്ററടിച്ചു. അങ്ങനെ കയറുമ്പോ എത്തിയത് ഡാഷ്ബോർഡ് എന്ന പേജിലാണ്. നമുക്ക് വേണ്ട സെറ്റിംഗ്സ് എഡിറ്റിംഗ്, എല്ലാത്തിനും ഉള്ള ഓപ്ഷൻസ് ഇവിടെ ഉണ്ട്. ഇവിടെ നിന്ന് പുതിയ പോസ്റ്റ് എഴുതാൻ എന്തുചെയ്യും ന്നോ? അതിനല്ലേ ദേ വലത്തേ മൂലയിൽ മുകളിലായി ന്യൂപോസ്റ്റ് എന്ന് കാണുന്നേ... അതിലങ്ങു ക്ലിക്കിക്കോളൂ... ബാക്കിയൊക്കെ നമ്മൾ നേരത്തേ പഠിച്ചല്ലോ...

ഇനിയിപ്പോ എന്താ? കൊച്ചുകൊച്ചു കാര്യങ്ങളേയുള്ളൂ. അത് വഴിയേ പഠിക്കാം. പോരെ? എന്നാപ്പിന്നെ പറഞ്ഞപോലെ ബൂലോകത്തുവച്ചു കാണാം. എന്താ...